ഉത്തരം

(എ) 1986 മാർച്ച് 31-ാം തീയതിവരെ 25,32,322 പേർ. (1986 മേയ് 31 വരെയുള്ള കണക്കുകൾ ലഭ്യമല്ല).

(ബി) പോസ്റ്റ് ഗ്രാഡ്വേറ്റുകൾ — 12,247
ഗ്രാഡ്വേറ്റുകൾ — 87,943
അണ്ടർ ഗ്രാഡ്വേറ്റുകൾ — 1,45,137

(സി) 31-12-1985-ലെ കണക്കനുസരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	പുരുഷൻമാർ	സ്ത്രീകൾ
പോസ്റ്റ് ഗ്രാഡ്വേറ്റുകൾ	5,241	4,821
ഗ്രാഡ്വേറ്റുകൾ	44,034	46,295
അണ്ടർ ഗ്രാഡ്വേറ്റുകൾ	6,27,746	6,37,213

(ഡി) 1,48,704 പേർക്ക്

(ഇ) 693 പേർക്ക് സ്ഥിരമായും 13,212 പേർക്ക് താൽക്കാലികമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

(എഫ്) 55,147 പേർ.

(ജി) 6,704 പേർ.

(എച്ച്) പട്ടികജാതിക്കാർ — 1,297 പേർ
പട്ടികവർഗ്ഗക്കാർ — 117 പേർ.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർ

269 [296] ശ്രീ. എസ്. ആർ. തങ്കരാജ്:

,, എ. കെ. പത്മനാഭൻ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് മാസം 24-ാം തീയതിയിലെ കണക്കനുസരിച്ച് വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര;

(ബി) 1986 ജൂൺ 1-ാം തീയതിയിലെ കണക്കനുസരിച്ച് വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര;

(സി) ഇതിൽ എസ്. എസ്. എൽ. സി. പാസ്സായവർ എത്ര;

(ഡി) ആകെ പേര് രജിസ്റ്റർ ചെയ്തവരിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; പട്ടികജാതിക്കാർ/പട്ടികവർഗ്ഗക്കാർ എന്നിവർ എത്രവീതം:

(ഇ) താഴ്ന്നതരം ജോലികൾക്കായി രജിസ്റ്റർചെയ്ത 3 വർഷത്തിൽ കൂടുതലായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ സീനിയോറിറ്റി നോക്കാതെ നാലിലൊന്ന് ഒഴിവുകളിലേക്ക് കൂടിക്കാഴ്ചയ്ക്കു വിളിക്കാൻവേണ്ട നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1985-86 വർഷത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖാന്തിരം എത്രപേർക്ക് തൊഴിൽ ലഭിച്ചു?

ഉത്തരം

(എ) 30-4-82 വരെ 19,08,879 പേർ. (മേയ് 24-ാം തീയതിയിലെ കണക്ക് ലഭ്യമല്ല).

(ബി) 1986 മാർച്ച് 31-ാം തീയതിവരെ 25,32,322 പേർ. (ജൂൺ, 86-ലെ കണക്ക് ലഭ്യമല്ല).

(സി) 31-3-86-ലെ കണക്കനുസരിച്ച് 13,48,384 പേർ.

(ഡി) സ്ത്രീകൾ—11,48,660 പേർ.
പുരുഷൻമാർ—13,83,662 പേർ.
പട്ടികജാതിക്കാർ—2,16,264 പേർ.
പട്ടികവർഗ്ഗക്കാർ—10,536 പേർ

(ഇ) നിലവിലുള്ള നിയമം അനുസരിച്ച് ഈ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

(എഫ്) 13,905 പേർക്ക്.

31-3-1986-വരെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവർ

270 [297] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-86-വരെ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ തൊഴിലിനുവേണ്ടി പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 25,32,322 പേർ

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു

തിരുവനന്തപുരം	4,77,858
കൊല്ലം	2,60,812
ആലപ്പുഴ	2,20,679
പത്തനംതിട്ട	87,944
കോട്ടയം	2,22,935
ഇടുക്കി	69,221
എറണാകുളം	2,97,821
തൃശ്ശൂർ	1,68,243
പാലക്കാട്	1,69,332
മലപ്പുറം	1,35,254
കോഴിക്കോട്	2,03,340
വയനാട്	41,675
കണ്ണൂർ	1,33,973
കാസർകോട്	43,235

LIBRARY ARCHIVES Kerala Legislative Assembly